പി. ഡി. ടീച്ചർ ജി. വത്സലയുടെ സ്ഥലംമാറ്റ ഉത്തരവ് നടപ്പാക്കാൻ നടപടി

87 [1492] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മായിപ്പാടി ഡയറ്റിലെ പി. ഡി. ടീച്ചർ ശ്രീമതി ജി. വത്സലയെ കൊല്ലം ജില്ലയിലേക്ക് മാറ്റി നിയമിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ്;

(ബി) ഈ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെയായിട്ടും ഈ ഉത്തരവ് നടപ്പാക്കാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് ഡി. പി. ഐ.-യുടെ 7-9-2004-ലെ ഉത്തരവിനുശേഷം നാളിതുവരെ കൊല്ലം ജില്ലയിൽ പി. ഡി. ടീച്ചർമാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ഡി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ഇ) ഒഴിവുകൾ ഉണ്ടായിരുന്നിട്ടും ടി അദ്ധ്യാപികയ്ക്ക് സ്ഥലംമാറ്റം നൽകാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(എഫ്) ടി അദ്ധ്യാപികയുടെ സ്ഥലംമാറ്റ ഉത്തരവ് എന്നേക്ക് നടപ്പാക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 28-7-2004-ലെ 39396/പി1/04/പൊ.വി.വ നമ്പർ സർക്കാർ കത്ത് മുഖേന ശ്രീമതി ജി. വത്സലയുടെ സ്ഥലംമാറ്റ അപേക്ഷ സഹതാപാർഹ സാഹചര്യത്തിൽ പരിഗണിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

(ബി) ഇല്ല. സഹതാപാർഹ സ്ഥലംമാറ്റത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന മുൻഗണനാലിസ്റ്റ് പ്രകാരമാണ് നിലവിലുള്ള ഒഴിവുകളിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ സ്ഥലംമാറ്റം നൽകുന്നത്. 13-2-2004 വരെ ലഭിച്ച അപേക്ഷകൾ പരിഗണിക്കുന്നതിനാണ് അവസാനമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയത്. 13-2-2004-നുശേഷമുള്ള സർക്കാർ നിർദ്ദേശമാകയാൽ ആദ്യം നൽകിയ മുൻഗണനാപട്ടികയ്ക്ക് ശേഷം മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതിനായി കൊല്ലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 8 ഒഴിവുകൾ.

(ഡി) 12 ഒഴിവുകൾ.

(ഇ) സഹതാപാർഹ വിഭാഗത്തിൽ 4 പേർക്കുമാത്രമേ മാറ്റം നൽകാൻ നിർവ്വാഹമുള്ളൂ. മുൻഗണനാലിസ്റ്റിലുള്ള 4 പേരിൽ നിന്നും സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാറ്റം നൽകേണ്ടിവരും. അവർക്ക് സ്ഥലംമാറ്റം ആവശ്യമില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ ശ്രീമതി ജി. വത്സലയുടെ സ്ഥലംമാറ്റം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

(എഫ്) 2005-2006 അദ്ധ്യായന വർഷത്തെ സഹതാപാർഹ സ്ഥലംമാറ്റത്തിനുള്ള മുൻഗണനാപട്ടിക തയ്യാറാക്കുമ്പോൾ ഉചിതമാർഗ്ഗേണ അപേക്ഷ ലഭിക്കുകയാണെങ്കിൽ പ്രസ്തുത അദ്ധ്യാപികയുടെ അപേക്ഷയും പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly